# കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - എസ് ജി ആർ വൈ പദ്ധതിയിൽ ശേഖരിച്ച ഭക്ഷ്യധാന്യം നീക്കം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

## തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

**സ.ഉ.(സാധാ)നം.1901/2012/തസ്വഭവ** **തിരുവനന്തപുരം, തീയതി, 09/07/2012**

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

പരാമർശം:- 1. കോരുത്തോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06.08.2011 ലെ കത്ത്.
2. ഗ്രാമവികസന കമ്മീഷണറുടെ 13.06.2012 ലെ 22027/JRY2/11/CRD നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കോരുത്തോട് ഗ്രാമ പഞ്ചായത്തിന് എസ് ജി ആർ വൈ പദ്ധതി പ്രകാരം അനുവദിച്ച ഭക്ഷ്യധാന്യം 2008 മാർച്ച് മാസം മുതൽ പൊൻകുന്നം വെയർഹൗസിൽ സൂക്ഷിച്ചു വരികയാണെന്നും 2008 ഏപ്രിൽ മാസം മുതൽ പ്രസ്തുത പദ്ധതി നിർത്തലാക്കിയതിനാൽ ടി ഭക്ഷ്യധാന്യം ഉപയോഗിക്കുവാൻ സാധിച്ചിരുന്നില്ലെന്നും ഇപ്പോഴത് ദ്രവിച്ച് ഉപയോഗശൂന്യമായി മാറിയെന്നും ആയത് നീക്കം ചെയ്യുന്നതിനാവശ്യമായ നിർദ്ദേശം നൽകണമെന്നും പരാമർശം 1 പ്രകാരം പഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു. ഈ സാഹചര്യത്തിൽ ഭക്ഷ്യധാന്യം ഗോഡൗണിൽ സൂക്ഷിച്ചാൽ മറ്റൊരാവശ്യത്തിനും ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലാകും എന്നതിനാലും ഗോഡൗണിൽ സൂക്ഷിക്കുന്നതിന് പഞ്ചായത്ത് വാടക നൽകേണ്ടി വരും എന്നതിനാലും ഭക്ഷ്യധാന്യം മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനായി ലേലം ചെയ്ത് വില്ക്കുന്നതിന് അനുമതി നൽകണമെന്ന കോട്ടയം ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ ആവശ്യം കൂടി പരിഗണിച്ച് ഭക്ഷ്യധാന്യത്തിന്റെ തുടർ വിനിയോഗം സംബന്ധിച്ച് നിർദ്ദേശം നൽകണമെന്ന് പരാമർശം 2 പ്രകാരം ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സംസ്ഥാനത്ത് എസ്ജിആർവൈ പദ്ധതി 2008 ഏപ്രിൽ മാസം മുതൽ പൂർണ്ണമായും നിർത്തലാക്കുകയും പ്രസ്തുത പദ്ധതിയിൽ ശേഖരിച്ച ഭക്ഷ്യധാന്യ വിനിയോഗം സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം നൽകിയിട്ടില്ലാത്തതിനാലും മറ്റ് പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇത്തരത്തിൽ ഭക്ഷ്യധാന്യം ശേഖരിച്ചിട്ടുണ്ടാവാം എന്നതിനാലും നാല് വർഷത്തിനിപ്പുറം പ്രസ്തുത ഭക്ഷ്യധാന്യം ഉപയോഗക്ഷമമാവാൻ വഴിയില്ല എന്ന് കണ്ടതിനാലും എസ്ജിആർവൈ പദ്ധതിയിൽ അനുവദിച്ച ഭക്ഷ്യധാന്യം ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിച്ചുവരുന്നുണ്ടെങ്കിൽ ആയത് ഉപയോഗയോഗ്യമല്ലെന്ന് സർട്ടിഫൈ ചെയ്ത പ്രകാരം ഭക്ഷ്യധാന്യം മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനായി ലേലം ചെയ്തു വില്ക്കുകയോ നീക്കം ചെയ്യുകയോ ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ജി. ശിവപ്രസാദ്,**
**അഡീഷണൽ സെക്രട്ടറി**

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും.
4. എല്ലാ പ്രോജക്ട് ഡയറക്ടർമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
5. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും. (ഗ്രാമവികസന കമ്മീഷണർ മുഖേന)
6. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും. (പഞ്ചായത്ത് ഡയറക്ടർ മുഖേന)
7. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
8. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ